**മധുരമായ കുട്ടികളേ – ഏറ്റവും ആദ്യം ഈ ഒരു കാര്യം ചിന്തിക്കണം, ആത്മാവായ എന്നിൽ എന്തെല്ലാം കറയാണോ പറ്റിയിട്ടുള്ളത് അത് എങ്ങനെ ഇല്ലാതാക്കണം. സൂചി തുരുമ്പിക്കുകയാണെങ്കിൽ കാന്തത്തിന്റെ ആകർഷണം ഉണ്ടാകില്ല.**

**ചോദ്യം:–** ഈ പുരുഷോത്തമ സംഗമയുഗത്തിൽ നിങ്ങൾക്ക് പുരുഷോത്തമനായി മാറുന്നതിനു വേണ്ടി ഏതൊരു പുരുഷാർത്ഥമാണ് ചെയ്യേണ്ടത്
**ഉത്തരം:–** കർമ്മാതീതമായി മാറുന്നതിന്റെ. ഏതൊരു കർമ്മ സംബന്ധത്തിലേക്കും ബുദ്ധി പോകരുത്. അതായത് കർമ്മബന്ധനം തന്നിലേക്ക് ആകർഷിക്കരുത്. മുഴുവൻ സംബന്ധവും ഒരേയൊരു ബാബയോടൊപ്പം ആയിരിക്കണം. ആരോടും ഹൃദയത്തിന്റെ പ്രീതി ഉണ്ടാകരുത്. ഈ രീതിയിലുള്ള പുരുഷാർത്ഥം ചെയ്യൂ. ബാക്കി വ്യർത്ഥമായ സംഭാഷണത്തിൽ തന്റെ സമയത്തെ പാഴാക്കരുത്. ഓർമ്മയിൽ ഇരിക്കാൻ അഭ്യസിക്കൂ.

**ഗീതം:–** ഉണരൂ പ്രിയതമകളേ ഉണരൂ.......

**ഓം ശാന്തി.** ആത്മീയ കുട്ടികൾ (ആത്മാക്കൾ) ഈ ശരീരത്തിലൂടെ പാട്ട് കേട്ടില്ലേ. കാരണം ബാബ ഇപ്പോൾ കുട്ടികളെ ആത്മാഭിമാനിയാക്കിയാണ് മാറ്റുന്നത്. നിങ്ങൾക്ക് ആത്മജ്ഞാനം ലഭിച്ചിരിക്കുന്നു. ആത്മാവിന്റെ യഥാർത്ഥ ജ്ഞാനമുള്ള ഒരു മനുഷ്യനും ഈ ലോകത്ത് ഇല്ല. അപ്പോൾ പിന്നെ പരമാത്മാവിന്റെ ജ്ഞാനം എങ്ങനെ ഉണ്ടാകാനാണ്. ഇതെല്ലാം ബാബയാണ് മനസ്സിലാക്കിത്തരുന്നത്. ഈ ശരീരത്തിലൂടെയല്ലേ മനസ്സിലാക്കിത്തരാൻ സാധിക്കൂ. ഈ ശരീരത്തെക്കൂടാതെ ആത്മാവിന് ഒന്നും ചെയ്യാൻ കഴിയില്ല. ആത്മാവിന് ഇപ്പോൾ അറിയാം ഞാൻ എവിടെയാണ് വസിക്കുന്നത്, ആരുടെ കുട്ടിയാണ്. ഇപ്പോൾ നിങ്ങൾ യഥാർത്ഥ രീതിയിൽ അറിയുന്നു. എല്ലാ പാർട്ട്ധാരികളും അഭിനേതാക്കളാണ്. ഭിന്ന ഭിന്ന ധർമ്മത്തിലുള്ള ആത്മാക്കൾ എപ്പോഴാണ് വരുന്നത് എന്നും നിങ്ങളുടെ ബുദ്ധിയിലുണ്ട്. ബാബ വിവരിച്ചു മനസ്സിലാക്കിത്തരുന്നില്ല. മൊത്തവ്യാപാരം (ഹോൾ സെയിൽ) പോലെ മനസ്സിലാക്കിത്തരുന്നു. ഹോൾ സെയിൽ അർത്ഥം ഒരു സെക്കന്റിനുള്ളിൽ സത്യയുഗം ആദ്യം മുതൽ കലിയുഗം അവസാനം വരെയും അടങ്ങിയിട്ടുള്ള നമ്മുടെ പാർട്ടിനെക്കുറിച്ച് പറയുന്നു. ഇപ്പോൾ നിങ്ങൾക്കറിയാം ബാബ ആരാണ്, ഈ ഡ്രാമയ്ക്കുള്ളിൽ ബാബയ്ക്ക് എന്ത് പാർട്ടാണുള്ളത്. ബാബ ഉയർന്നതിലും ഉയർന്നതാണ് സർവ്വരുടെയും സദ്ഗതി ദാതാവാണ് ദുഖഹർത്താ സുഖ കർത്താവാണ്. ശിവജയന്തിയുടെ മഹിമയുമുണ്ട്. ശിവ ജയന്തിയാണ് ഏറ്റവും ഉയർന്നത് എന്നും പറയാറുണ്ട്. ഭാരതത്തിൽ തന്നെയാണ് വിശേഷിച്ചും ശിവ ജയന്തി ആഘോഷിക്കുന്നത്. ഏതെല്ലാം രാജധാനിയിൽ ഏതെല്ലാം ഉയർന്ന വ്യക്തികളുടെ കഴിഞ്ഞു പോയ ചരിത്രമാണോ നല്ലതായിരിക്കുന്നത് അവരുടെ സ്റ്റാമ്പുകളും ഉണ്ടാക്കുന്നു. ശിവജയന്തി ആഘോഷിക്കുമ്പോൾ നിങ്ങൾ പറഞ്ഞു കൊടുക്കണം ആരുടെ ജയന്തിയാണ് എറ്റവും ഉയർന്നത് അപ്പോൾ ആരുടെ സ്റ്റാമ്പ് ഉണ്ടാക്കണം? ഏതെങ്കിലും സാധുസാന്യാസിമാർ അഥവാ സിഖുകാർ, മുസ്ലിം സഹോദരങ്ങൾ അഥവാ വിദേശത്തെ ഏതെങ്കിലും തത്വചിന്തകൻ നല്ലവരാണെങ്കിൽ അവരുടെ സ്റ്റാമ്പ് ഉണ്ടാക്കിക്കൊണ്ടിരിക്കുന്നുണ്ട്. എങ്ങനെയാണോ റാണാ പ്രതാപിന്റെ സ്റ്റാമ്പെല്ലാം ഉണ്ടാക്കുന്നത്. വാസ്തവത്തിൽ സർവരുടെയും സദ്ഗതി ദാതാവായ ഒരേയൊരു ബാബയുടെ സ്റ്റാമ്പാണ് ഉണ്ടാക്കേണ്ടത്. ഈ സമയം ബാബ വന്നില്ലായിരുന്നുവെങ്കിൽ എങ്ങനെ സദ്ഗതി ഉണ്ടാകാനാണ്. കാരണം എല്ലാവരും ഈ ഭയാനക നരകത്തിൽ മുങ്ങിത്താണുകൊണ്ടിരിക്കുകയാണ്. ഏറ്റവും ഉയർന്നത് പതിതപാവനനായ ശിവബാബയാണ്. ശിവന്റെ ക്ഷേത്രവും ഏറ്റവും ഉയർന്ന സ്ഥാനത്താണ് ഉണ്ടാക്കുന്നത്. കാരണം ഉയർന്നതിലും ഉയർന്നതാണ്. ബാബ തന്നെ വന്ന് ഭാരതത്തെ സ്വർഗ്ഗത്തിന്റെ അധികാരിയാക്കി മാറ്റുന്നു. എപ്പോഴാണോ ബാബ വരുന്നത് അപ്പോഴാണ് സദ്ഗതി ചെയ്യുന്നത്. അതുകൊണ്ട് ആ ബാബയുടെ തന്നെ ഓർമ്മ ഉണ്ടായിരിക്കണം. ശിവബാബയുടെ സ്റ്റാമ്പ് എങ്ങനെ ഉണ്ടാക്കണം? ഭക്തി മാർഗ്ഗത്തിൽ ശിവലിംഗമാണ് ഉണ്ടാക്കുന്നത്. ബാബ തന്നെയാണ് ഏറ്റവും ഉയർന്നതിലും ഉയർന്ന പരമാത്മാവ്. ഏറ്റവും ഉയർന്ന ക്ഷേത്രവും ശിവന്റേതുതന്നെയാണ്. സോമനാഥ ക്ഷേത്രവും ശിവന്റേതുതന്നെയല്ലേ. ഭാരതവാസികൾ തമോപ്രധാനമായതു കാരണം ശിവനാരാണെന്ന് അറിയില്ല. ശിവന്റെ കർത്തവ്യത്തെകുറിച്ച് അറിയില്ല. മഹാറാണപ്രതാപും യുദ്ധം ചെയ്തിരുന്നു എന്നാൽ അത് ഹിംസയായില്ലേ. ഈ സമയത്ത് എല്ലാവരും ഡബിൾ ഹിംസകരാണ്. വികാരത്തിലേക്ക് പോവുക, ഇതും ഹിംസയാണ്. ഈ ലക്ഷ്മീ നാരായണൻ ഡബിൾ അഹിംസകരാണ്. മനുഷ്യർക്ക് ഇതിന്റെ പൂർണ്ണ ജ്ഞാനം ഉണ്ടാകുമ്പോഴേ അർത്ഥ സഹിതമുള്ള സ്റ്റാമ്പ് പുറത്തിറങ്ങൂ. സത്യയുഗത്തിൽ ഈ ലക്ഷ്മീ

നാരായണന്റെ സ്റ്റാമ്പായിരിക്കും പുറത്തിറങ്ങുക. ശിവബാബയുടെ ജ്ഞാനം അവിടെ ഉണ്ടാകില്ലല്ലോ. അപ്പോൾ തീർച്ചയായും ഉയർന്നതിലും ഉയർന്ന് ലക്ഷ്മീനാരായണന്റെ സ്റ്റാമ്പായിരിക്കും ഉണ്ടായിരിക്കുക. ഇപ്പോഴും ഭാരതത്തിന്റെ സ്റ്റാമ്പ് അതുതന്നെയായിരിക്കണം. ഏറ്റവും ഉയർന്നത് ത്രിമൂർത്തി ശിവനാണ്. ബാബ അവിനാശിയാണ്. കാരണം ബാബ ഭാരതത്തിന് അവിനാശീ രാജ സിംഹാസനമാണ് നൽകുന്നത്. പരംപിതാപരമാത്മാവ് തന്നെയാണ് ഭാരതത്തെ സ്വർഗ്ഗമാക്കി മാറ്റുന്നത്. നിങ്ങളിലും പലരും ബാബ നമ്മെ സ്വർഗ്ഗത്തിന്റെ അധികാരിയാക്കി മാറ്റുന്നു എന്നുള്ളതിനെക്കുറിച്ച് മറന്നു പോകുന്നു. മായ മറപ്പിക്കുന്നു. ബാബയെ അറിയാത്തതു കാരണം ഭാരതവാസികൾ എത്ര തെറ്റുകളാണ് ചെയ്തു വന്നത്. ശിവബാബ എന്താണ് ചെയ്തത് എന്നതു പോലും ആർക്കും അറിയില്ല. ശിവജയന്തിയുടെ അർത്ഥം പോലും ആരും മനസ്സിലാക്കുന്നില്ല. ഈ ജ്ഞാനം ബാബയിൽ അല്ലാതെ മറ്റാരിലും ഇല്ല.

ഇപ്പോൾ നിങ്ങൾ കുട്ടികൾക്ക് ബാബ മനസ്സിലാക്കിത്തരുന്നു നിങ്ങൾ മറ്റുള്ളവരുടെ മേലും അവനവന്റെ മേലും ദയ കാണിക്കൂ. ടീച്ചർ പഠിപ്പിക്കുന്നതും ടീച്ചറുടെ കൃപയല്ലേ. ബാബ പറയുന്നു ഞാൻ ടീച്ചറാണ് ഞാൻ നിങ്ങളെ പഠിപ്പിക്കുകയാണ്. വാസ്തവത്തിൽ ഇതിനെ പാഠശാല എന്നും പറയുന്നു. വളരെ വലിയ സർവ്വകലാശാലയാണ്. ബാക്കി മറ്റു സർവ്വകലാശാലകളെല്ലാം അസത്യമായ പേര് വച്ചിരിക്കുകയാണ്. അതൊന്നും മുഴുവൻ വിശ്വത്തിനു വേണ്ടിയുള്ള കോളേജല്ല. മുഴുവൻ വിശ്വത്തിന്റെയും സദ്ഗതി ചെയ്യുന്ന ഒരേയൊരു ബാബയുടെ സർവ്വകലാശാലയാണിത്. വാസ്തവത്തിൽ സർവ്വകലാശാല ഇതൊന്നു മാത്രമേ ഉള്ളൂ. ഇതിലൂടെ മാത്രമേ എല്ലാവരും മുക്തി ജീവന്മുക്തിയിലേക്ക് പോകുന്നുള്ളൂ. അതായത് സുഖ-ശാന്തി ലഭിക്കുകയുള്ളൂ. ഇതൊന്നിനെയാണ് സർവ്വകലാശാല എന്നു പറയുന്നത്. അതുകൊണ്ട് ബാബ പറയുന്നു ഒരിക്കലും ഭയപ്പെടരുത്. ഇതെല്ലാം മനസ്സിലാക്കേണ്ട കാര്യങ്ങളാണ്. ചില സമയത്ത് നിങ്ങൾ പറയുന്നതൊന്നും ആരും ശ്രദ്ധിക്കില്ല. പ്രജകൾ പ്രജകളുടെ മേലാണ് രാജ്യം ഭരിക്കുന്നത്. മറ്റൊരു ധർമ്മത്തിലും ആരംഭത്തിൽത്തന്നെ രാജധാനി ഉണ്ടാകില്ല. അവരെല്ലാവരും ധർമ്മം സ്ഥാപിക്കാൻ മാത്രമാണ് വരുന്നത്. പിന്നീട് എപ്പോഴാണോ ലക്ഷക്കണക്കിന് ജനം ആ ധർമ്മത്തിൽ ഉണ്ടാകുന്നത് അപ്പോഴേ രാജധാനി ഉണ്ടാകുന്നുള്ളൂ. ഇവിടെ ബാബ രാജധാനിയാണ് സ്ഥാപിച്ചുകൊണ്ടിരിക്കുന്നത് മുഴുവൻ വിശ്വത്തിനും വേണ്ടി. ഇതെല്ലാം മനസ്സിലാക്കേണ്ട കാര്യങ്ങളാണ്. ദൈവീക രാജധാനി ഈ പുരുഷോത്തമ സംഗമയുഗത്തിലാണ് സ്ഥാപിച്ചു കൊണ്ടിരിക്കുന്നത്. ബാബ മനസ്സിലാക്കിത്തരുന്നു- കൃഷണൻ, നാരായണൻ, രാമൻ എന്നിവരുടെ കറുത്ത ചിത്രങ്ങൾ നിങ്ങൾ കയ്യിലെടുക്കൂ, മറ്റുള്ളവർക്ക് മനസ്സിലാക്കിക്കൊടുക്കൂ കൃഷ്ണനെ എന്തുകൊണ്ടാണ് ശ്യാമസുന്ദരൻ എന്നു പറയുന്നത്. ആദ്യം സുന്ദരനായിരുന്ന കൃഷ്ണൻ പിന്നീട് എങ്ങനെ ശ്യാമായി മാറി? ഭാരതം തന്നെയായിരുന്നു സ്വർഗ്ഗം. ഇപ്പോൾ ഭാരതം തന്നെ നരകമായി മാറി. നരകം അർത്ഥം കറുത്തത് സ്വർഗ്ഗം അർത്ഥം വെളുത്തത്. രാമരാജ്യത്തെ പകൽ എന്നും രാവണരാജ്യത്തെ രാത്രി എന്നും പറയുന്നു. നിങ്ങൾക്ക് മനസ്സിലാക്കിക്കൊടുക്കാൻ സാധിക്കും ദേവതകളെ എന്തുകൊണ്ടാണ് കറുത്തതായി കാണിച്ചിരിക്കുന്നത്. ബാബ മനസ്സിലാക്കിത്തരുന്നു നിങ്ങൾ ഇപ്പോൾ സംഗമയുഗത്തിലാണ്. മറ്റുള്ളവർ കലിയുഗത്തിലും. ഇവിടെ നിങ്ങൾ സംഗമയുഗത്തിലാണ്, പുരുഷോത്തമനായി മാറാനുള്ള പുരുഷാർത്ഥം ചെയ്തുകൊണ്ടിരിക്കുകയാണ്. വികാരി പതിത മനുഷ്യരുമായി നിങ്ങൾക്ക് യാതൊരു സംബന്ധവും ഇല്ല, ബാക്കി ഇപ്പോൾ ആരുടെയും കർമ്മാതീത അവസ്ഥ ഉണ്ടായിട്ടില്ല അതുകൊണ്ട് കർമ്മ സംബന്ധങ്ങളോട് ഹൃദയത്തിന്റെ പ്രീതി വയ്ക്കരുത്. കർമ്മാതീതമായി മാറുന്നതിനു വേണ്ടി ഓർമ്മയുടെ യാത്ര ആവശ്യമാണ്. ബാബ മനസ്സിലാക്കിത്തരുന്നു നിങ്ങൾ ആത്മാക്കളാണ്, നിങ്ങൾക്ക് പരമാത്മാവായ അച്ഛനോടൊപ്പം എത്ര സ്നേഹമുണ്ടായിരിക്കണം. ആഹാ! ബാബ നമ്മെ പഠിപ്പിക്കുകയാണ്. പക്ഷെ ഈയൊരു ലഹരി ആർക്കും തന്നെ ഉണ്ടാകുന്നില്ല. മായ ഇടക്കിടെ ദേഹാഭിമാനത്തിലേക്ക് കൊണ്ടുവരുന്നു. ശിവബാബയാണ് നമ്മൾ ആത്മാക്കളോട് സംസാരിക്കുന്നതെന്ന് മനസ്സിലാക്കുകയാണെങ്കിൽ ബാബയോട് ഇത്രയും ആകർഷണവും സന്തോഷവും ഉണ്ടായിരിക്കേണ്ടേ. ഏതൊരു സൂചിയിലാണോ അൽപ്പം പോലും തുരുമ്പ് ഇല്ലാത്തത്, ആ സൂചിയെ നിങ്ങൾ കാന്തത്തിനു മുന്നിൽ വയ്ക്കുകയാണെങ്കിൽ പെട്ടന്നു തന്നെ ആകർഷിക്കപ്പെടും. കുറച്ചെങ്കിലും തുരുമ്പ് ഉണ്ടെങ്കിൽ ആകർഷണം ഉണ്ടാകില്ല, പറ്റിപ്പിടിക്കില്ല. നമ്മൾ ഓർമ്മയുടെ യാത്രയിൽ ഇരിക്കുമ്പോഴേ ബാബയോട് ആകർഷണം ഉണ്ടാകൂ. കറയുണ്ടെങ്കിൽ ആകർഷണമില്ല. ഓരോരുത്തർക്കും മനസ്സിലാക്കാൻ സാധിക്കും നമ്മുടെ സൂചി തീർത്തും പവിത്രമാവുമ്പോഴെ ആകർഷിക്കൂ. ആകർഷണം ഉണ്ടാകാത്തതിനു കാരണം കറ പറ്റിയിട്ടുണ്ട്. നിങ്ങൾ വളരെയധികം ഓർമ്മയിൽ ഇരിക്കുകയാണെങ്കിൽ വികർമ്മം ഭസ്മമാകും. ഇനിയെന്തെങ്കിലും പാപം ചെയ്യുകയാണെങ്കിൽ കറ പറ്റിപ്പിടിക്കുകയാണെങ്കിൽ ഓർമ്മിക്കാൻ സാധിക്കില്ല. സ്വയം ആത്മാവാണെന്ന് മനസ്സിലാക്കി ബാബയെ ഓർമ്മിക്കൂ, മറക്കുന്നതിലൂടെ കറ വർദ്ധിക്കുന്നു. അപ്പോൾ ബാബയോട് ആകർഷണവും സ്നേഹവും ഉണ്ടാകില്ല. കറ ഇല്ലാതായിക്കഴിഞ്ഞാൽ സ്നേഹവും സന്തോഷവും

ഉണ്ടാകും. മുഖം പ്രസന്നമാകും. നിങ്ങൾക്ക് ഭാവിയിൽ ലക്ഷ്മീനാരായണനെപ്പോലെ ആകണം. സേവനം ചെയ്യുന്നില്ല എങ്കിൽ പഴകിയ ജീർണ്ണിച്ച കാര്യങ്ങൾ സ്മൃതിയിലേക്ക് വന്നുകൊണ്ടിരിക്കും ബാബയുമായുള്ള ബുദ്ധിയോഗവും ഇല്ലാതെയാകും. എന്തെല്ലാം തിളക്കം ഉണ്ടായിരുന്നോ അതെല്ലാം നഷ്ടപ്പെട്ടു. ബാബയോട് അൽപം പോലും സ്നേഹം ഉണ്ടാകില്ല. ആരാണോ വളരെ നല്ല രീതിയിൽ ബാബയെ ഓർമ്മിക്കുന്നത് അവർക്കേ ബാബയോട് സ്നേഹമുണ്ടായിരിക്കൂ. ബാബയ്ക്കും അവരോട് ആകർഷണം തോന്നും. ഈ കുട്ടി സേവനവും നല്ല രീതിയിൽ ചെയ്യുന്നുണ്ട്, യോഗത്തിനും ഇരിക്കുന്നുണ്ട് അപ്പോൾ ബാബയ്ക്കും അവരോട് സ്നേഹമുണ്ടാകും. അവനവന്റെ മേൽ ശ്രദ്ധ വയ്ക്കൂ എന്നിൽ നിന്നും പാപകർമ്മങ്ങളൊന്നും ഉണ്ടാകുന്നില്ലല്ലോ. അഥവാ ഓർമ്മിച്ചില്ലെങ്കിൽ എങ്ങനെ കറ ഇല്ലാതാകും. ബാബ പറയുന്നു ചാർട്ട് വയ്ക്കുകയാണെങ്കിൽ കറ ഇല്ലാതാകും തമോപ്രധാനത്തിൽ നിന്നും സതോപ്രധാനമായി മാറണമെങ്കിൽ കറ ഇല്ലാതാകണം. പാപത്തിന്റെ കണക്ക് കൂടുന്നുമുണ്ട് കുറയുന്നുമുണ്ട്. ഇതിലൂടെ 100 മടങ്ങ് ശിക്ഷയും ഉണ്ടാകുന്നു. ബാബയെ ഓർമ്മിക്കുന്നില്ല എങ്കിൽ എന്തെങ്കിലും പാപ കർമ്മങ്ങൾ സംഭവിക്കുന്നു. ബാബ പറയുന്നു കറ അകറ്റാതെ നിങ്ങൾക്ക് എന്റെ അടുത്തേക്ക് വരാൻ സാധിക്കില്ല. ഇല്ലെങ്കിൽ ശിക്ഷ അനുഭവിക്കേണ്ടി വരും. ശിക്ഷ ലഭിക്കുകയും ചെയ്യും പദവി ഭ്രഷ്ടമാവുകയും ചെയ്യും. ബാക്കി ബാബയിൽ നിന്നും എന്ത് സമ്പത്ത് ലഭിക്കാനാണ്. കറ വീണ്ടും പറ്റിപ്പിടിക്കുന്ന തരത്തിലുള്ള ഒരു കർമ്മവും ചെയ്യരുത്. ആദ്യം തന്റെ കറയെ ഇല്ലാതാക്കാനുള്ള ചിന്ത വയ്ക്കൂ. ഈയൊരു ചിന്ത ഉണ്ടാകുന്നില്ലെങ്കിൽ ബാബ മനസ്സിലാക്കും ഈ കുട്ടിയുടെ ഭാഗ്യത്തിലില്ല. യോഗ്യത വേണമല്ലോ. തന്റെ സംസ്കാരം നല്ലതായിരിക്കണം. ലക്ഷ്മീനാരായണന്റെ ദൈവീക സംസ്കാരത്തിന്റെ മഹിമയുണ്ട്. ഈ സമയത്തുള്ള മനുഷ്യർ അവരുടെ മുന്നിൽപ്പോയി മഹിമ പാടുന്നു. ശിവബാബയെ അറിയാത്തതു കാരണം സന്യാസിമാരുടെ അടുത്തേക്ക് പോകുന്നു. വാസ്തവത്തിൽ സർവ്വരുടെയും സദ്ഗതി ദാതാവ് ഒരേയൊരു ബാബയാണ്. ബാബ തന്നെയാണ് സ്വർഗ്ഗത്തെ സ്ഥാപിക്കുന്നത്. പക്ഷെ വീണ്ടും താഴേക്ക് അധപതിക്കുകയും വേണം. ബാബയ്ക്കല്ലാതെ മറ്റാർക്കും പാവനമാക്കാൻ സാധിക്കില്ല. മനുഷ്യർ ഗുഹയ്ക്കുള്ളിൽ പോയി ഇരിക്കുന്നു. ഇതിനേക്കാളും നല്ലത് ഗംഗയിൽ പോയി ഇരുന്നു കഴിഞ്ഞാൽ എന്നാൽ എപ്പോഴാണോ പാർട്ട് പൂർത്തിയായി തിരിച്ച് വീട്ടിലേക്ക് പോകുന്നത് അപ്പോഴേ ശാന്തി ലഭിക്കൂ. നിർവാണധാമമാണ് നമ്മൾ ആത്മാക്കളുടെ വീട്. ബാക്കി ഇവിടെ ശാന്തി എങ്ങനെ ലഭിക്കാനാണ്. തപസ്യ ചെയ്യുന്നുണ്ട് എന്നാൽ അതും കർമ്മമല്ലേ, ചെയ്ത് ശാന്തമായി ഇരിക്കുന്നു. പക്ഷെ ശിവബാബയെക്കുറിച്ച് അറിയുന്നില്ല. ഇതെല്ലാം ഭക്തിമാർഗ്ഗമാണ്, ബാബ വരുന്നത് ഈ പുരുഷോത്തമ സംഗമയുഗത്തിലാണ്. ആത്മാവ് പവിത്രമായി മുക്തി-ജീവൻമുക്തിയിലേക്ക് പോകുന്നു. ആരാണോ പ്രയത്നിക്കുന്നത് അവർ രാജ്യം ഭരിക്കും ബാക്കി പ്രയത്നിക്കാത്തവർ ശിക്ഷയും അനുഭവിക്കും. ആരംഭത്തിൽ തന്നെ ശിക്ഷകളുടെ സാക്ഷാത്കാരം ചെയ്യിച്ചിരുന്നു. ഇനി അവസാനവും ഉണ്ടാകും. ഞാൻ ശ്രീമതം അനുസരിച്ച് മുന്നേറാത്തതുകൊണ്ടാണ് ഈ അവസ്ഥ ഉണ്ടായത് എന്ന സാക്ഷാത്കാരം ലഭിക്കും. കുട്ടികൾക്ക് മംഗളകാരിയായി മാറണം. ബാബയുടേയും രചനയുടേയും പരിചയം നൽകണം. എങ്ങനെയാണോ സൂചിയെ എണ്ണയിൽ മുക്കിയെടുക്കുന്നതിലൂടെ കറ ഇല്ലാതാകുന്നത് അതുപോലെ ബാബയുടെ ഓർമ്മയിൽ ഇരിക്കുന്നതിലൂടെ കറ അകലുന്നു. ഇല്ലെങ്കിൽ ബാബയോട് സ്നേഹവും ആകർഷണവും ഉണ്ടാകില്ല. മിത്ര സംബന്ധികളിലേക്കാണ് സ്നേഹം പോകുന്നത്, മിത്രസംബന്ധികളുടെ അടുത്തു പോയി ഇരിക്കുന്നു. കറ പിടിച്ച ആ സംഗവും ഈ സംഗവും തമ്മിൽ രാത്രിയുടെയും പകലിന്റെയും വ്യത്യാസമുണ്ട്. തുരുമ്പ് പിടിച്ചവരുടെ കൂടെ ഇരുന്നാൽ ആ കറ നമ്മളിലേക്കും പകരും. കറ ഇല്ലാതാക്കുന്നതിനാണ് ബാബ വന്നിരിക്കുന്നത്. ഓർമ്മയിലൂടെത്തന്നെയാണ് പാവനമായി മാറുന്നത്. അരക്കൽപ്പമായി വളരെ ആഴത്തിലുള്ള കറ പറ്റിപ്പിടിച്ചിരിക്കുന്നു. ഇപ്പോൾ ബാബയാകുന്ന കാന്തം പറയുകയാണ് എന്നെ ഓർമ്മിക്കൂ. എത്രത്തോളം ബുദ്ധിയോഗം എന്നോടൊപ്പമാണോ അത്രത്തോളം കറയും ഇല്ലാതാകും. ബാക്കി പുതിയ ലോകം ഉണ്ടാവുകതന്നെ വേണം സത്യയുഗത്തിൽ ആദ്യം ദേവതകളുടെ വൃക്ഷം വളരെ ചെറുതായിരുന്നു പിന്നീട് വൃദ്ധി പ്രാപിക്കുന്നു. ഈ വൃക്ഷത്തിലുള്ളവർ തന്നെയാണ് നിങ്ങളുടെ അടുത്ത് വന്ന് പുരുഷാർത്ഥം ചെയ്തുകൊണ്ടിരിക്കുന്നത്. എങ്ങനെയാണോ മറ്റു ധർമ്മ സ്ഥാപകർ മുകളിൽ നിന്നും നേരിട്ട് വന്ന് ധർമ്മം സ്ഥാപിക്കുന്നത് അതുപോലെ നമ്മൾ മുകളിൽ നിന്നും നേരിട്ട് വന്ന് പുരുഷാർത്ഥം ചെയ്യുന്നില്ല. ഇവിടെ നിങ്ങളുടെ രാജധാനി തയ്യാറായിക്കൊണ്ടിരിക്കുകയാണ്. മുഴുവൻ ആധാരവും പഠിപ്പിലാണ്. ബാബയുടെ ശ്രീമത പ്രകാരം മുന്നേറുന്നുണ്ട്, എന്നാൽ ബുദ്ധിയോഗം പുറമേ അലഞ്ഞുതിരിയുന്നു എങ്കിൽ കറ പറ്റുന്നു. ഇവിടേക്ക് വരുന്നു എങ്കിൽ എല്ലാ കർമ്മക്കണക്കുകളും ഇല്ലാതാക്കണം, ജീവിച്ചിരിക്കെ സർവ്വതും സ്വാഹാ ചെയ്തതിനു ശേഷം വേണം വരാൻ. സന്യാസിമാർക്കും സന്യാസം ചെയ്തതിനു ശേഷവും എത്ര സമയം എല്ലാം ഓർമ്മ വന്നു കൊണ്ടിരിക്കും.

നിങ്ങൾ കുട്ടികൾക്ക് അറിയാം ഇപ്പോൾ നമുക്ക് സത്യത്തിന്റെ സംഗം ലഭിച്ചിരിക്കുന്നു. നിങ്ങൾ ഇപ്പോൾ ബാബയുടെ തന്നെ ഓർമ്മയിലാണ് ഇരിക്കുന്നത്. മിത്രസംബന്ധികൾക്കും ഇതിനെക്കുറിച്ച് അറിയാമല്ലോ. ഗൃഹസ്ഥ വ്യവഹാരത്തിലിരുന്നും കർമ്മങ്ങൾ ചെയ്തുകൊണ്ടും ബാബയെ ഓർമ്മിക്കണം, പവിത്രമായി മാറണം, മറ്റുള്ളവരെ പഠിപ്പിക്കുകയും വേണം. പിന്നീട് ഭാഗ്യത്തിലുണ്ടെങ്കിൽ മുന്നോട്ടു പോകും. ബ്രാഹ്മണകുലത്തിലേതല്ലാ എങ്കിൽ എങ്ങനെ ദൈവീകകുലത്തിലേതായി മാറും? പെട്ടന്ന് തന്നെ ബുദ്ധിയിൽ ഇരിക്കുന്നതിനുള്ള പോയിന്റുകളാണ് നൽകുന്നത്. വിനാശകാലേ വിപരീത ബുദ്ധിയുള്ളവരുടെ ചിത്രവും വ്യക്തമാണ്. ഇപ്പോൾ സ്വരജ്യമില്ല, ആദ്യം ദൈവീക സ്വരാജ്യമായിരുന്നു അതിനെ സ്വർഗ്ഗമെന്ന് പറഞ്ഞിരുന്നു. ഇപ്പോൾ പഞ്ചായത്തി രാജ്യമാണ് ഇങ്ങനെയൊന്നും മനസ്സിലാക്കി കൊടുക്കുന്നതിൽ യാതൊരു ബുദ്ധിമുട്ടുമില്ല. പക്ഷേ ആത്മാവായ എന്നിലുള്ള കറയെ ഇല്ലാതാക്കാണം, എന്നാൽ മാത്രമേ അമ്പു തറക്കുന്നതുപോലെയാകൂ. ആദ്യം ആത്മാവിലുള്ള കറയെ ഇല്ലാതാക്കാനുള്ള പ്രയത്നം ചെയ്യണം. തന്റെ സംസ്കാരത്തെ നോക്കണം. രാത്രിയും പകലും ഞാൻ എന്താണ് ചെയ്യുന്നത്? അടുക്കളയിൽ ഭോജനമുണ്ടാക്കുമ്പോൾ, ചപ്പാത്തിയുണ്ടാക്കുമ്പോഴെല്ലാം എത്ര കഴിയുന്നുവോ ഓർമ്മയിലിരിക്കണം. കറങ്ങാൻ പോകുമ്പോഴും ബാബയുടെ സ്മൃതിയിലായിരിക്കണം. ബാബയ്ക്ക് എല്ലാവരുടെയും അവസ്ഥയെക്കുറിച്ച് അറിയാമല്ലോ. വ്യർത്ഥമായ കാര്യങ്ങൾ സംസാരിക്കുകയാണെങ്കിൽ ഒന്നുകൂടി കറ കൂടുതൽ പറ്റിപ്പിടിക്കുന്നു. പരചിന്തനത്തിന്റെ കാര്യങ്ങളൊന്നും തന്നെ കേൾക്കരുത്. ശരി!

വളരെക്കാലത്തെ വേർപാടിനു ശേഷം തിരികെക്കിട്ടിയ മധുരമധുരമായ കുട്ടികളെപ്രതി മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹസ്മരണയും സുപ്രഭാതവും. ആത്മീയ അച്ഛന്റെ ആത്മീയകുട്ടികൾക്ക് നമസ്കാരം.

## ധാരണയ്ക്കുള്ള മുഖ്യ സാരം:-

1) എങ്ങനെയാണോ ബാബ ടീച്ചറുടെ രൂപത്തിൽ പഠിപ്പിച്ച് എല്ലാവരിലും ദയ കാണിക്കുന്നത്, അതുപോലെ സ്വയം തന്റെ മേലും മറ്റുള്ളവരുടെ മേലും ദയ കാണിക്കൂ. പഠിപ്പിലും ശ്രീമതത്തിലും പൂർണ്ണ ശ്രദ്ധ നൽകണം. തന്റെ സംസ്കാരത്തെ ഉദ്ധരിക്കണം.

2) പരസ്പരം പഴയതും ജീർണ്ണിച്ചതുമായ പരചിന്തനത്തിന്റെ കാര്യങ്ങൾ പറഞ്ഞ് ബാബയിൽ നിന്നുമുള്ള ബുദ്ധിയോഗത്തെ അകറ്ററുത്. ഏതൊരു പാപ കർമ്മങ്ങളും ചെയ്യരുത്. ഓർമ്മയിൽ ഇരുന്നുകൊണ്ട് കറയെ അകറ്റണം.

## വരദാനം : ദൃഢതയിലൂടെ വർണ്ണാഭമായ ഭൂമിയെയും ഫലഭൂഷ്ടമാക്കുന്ന സഫലത സ്വരൂപമായി ഭവിക്കട്ടെ.

ഏതൊരു കാര്യത്തിലും സഫലത സ്വരൂപമായി മാറുവാൻ ദൃഢതയും സ്നേഹവും സംഘടിത രൂപത്തിൽ വേണം. ഈ ദൃഢത വർണ്ണാഭമായ ഭൂമിയെയും ഫലഭൂഷ്ഠമാക്കി മാറ്റുന്നു. ഏതു പോലെയാണോ ഇന്നത്തെ കാലത്ത് സയൻസ് ഉപയോഗിച്ച് ഫലങ്ങൾ നിർമിക്കുവാൻ ശ്രമിക്കുന്നത് അതുപോലെ താങ്കൾ സൈലൻസിന്റെ ശക്തിയിലൂടെ സ്നേഹത്തിന്റെ ജലം കൊടുത്തുകൊണ്ട് ഫലിഭൂതരായി മാറുക. ദൃഢതയിലൂടെ പ്രതീക്ഷ നഷ്ടപ്പെട്ടവർക്ക് പ്രതീക്ഷ ആകുന്ന ദീപം തെളിയിച്ചു കൊടുക്കുക എന്തുകൊണ്ടെന്നാൽ ധൈര്യത്തിലൂടെ ബാബയുടെ സഹായം ലഭിക്കും.

## സ്ലോഗൻ- സ്വയം പ്രഭുവിന്റെ വിശ്വസ്തനാണ് എന്ന് മനസ്സിലാക്കി കൊണ്ട് നടക്കുക എങ്കിൽ താങ്കളുടെ കർമ്മത്തിലും ആത്മീയത വന്നുചേരും

**അവ്യക്തസൂചന- ഇപ്പോൾ സ്നേഹത്തിന്റെ അഗ്നിയെ ജ്വലിപ്പിച്ച് യോഗത്തെ ജ്വാലാസ്വരൂപമാക്കി മാറ്റൂ.** സാരഥി അർത്ഥം ആത്മ അഭിമാനി എന്തുകൊണ്ടെന്നാൽ ആത്മാവാണ് സാരഥി. ബ്രഹ്മ ബാബ ഈ വിധിയിലൂടെ നമ്പർ വൺ സിദ്ധി പ്രാപ്തമാക്കി അതിനാൽ ഫോളോ ഫാദർ. ഏതു പോലെയാണോ ബാബ ദേഹത്തിന് അധീനമായി പ്രവേശിക്കുന്നത് അർത്ഥം സാരഥിയായി മാറുന്നത് ദേഹത്തിനു വശഭൂതൻ ആവുന്നില്ല അതിനാൽ വേറിട്ടതും സ്നേഹിയുമായി മാറുന്നു അതുപോലെ നിങ്ങൾ ബ്രാഹ്മണ ആത്മാക്കൾ ബാബക്ക് സമാനം സാരഥിയുടെ സ്ഥിതിയിൽ സ്ഥിതി ചെയ്യുന്നു. സാക്ഷിയായി നിന്നുകൊണ്ട് കാര്യങ്ങൾ ചെയ്യുന്നു, കാണുന്നു, കേൾക്കുന്നു... എല്ലാം ചെയ്തുകൊണ്ടും മായ യുടെ കറ പുരളാതെ നിർലേപമായി മാറുന്നു.